പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1778 — 06.03.2017-ലെ മറുപടിക്ക്

**ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ ഷെഡ്യൂളുകൾ**

ചോദ്യം
ശ്രീ. ബി. സത്യൻ

ഉത്തരം
ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ ഷെഡ്യൂളുകൾ ലാഭകരമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ആറ്റിങ്ങൽ, കിളിമാനൂർ ഡിപ്പോകളിൽ വരുമാനം കുറവുള്ള ഷെഡ്യൂളുകൾ പുന:ക്രമീകരണം നടത്തി ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ആവശ്യമായ ബസുകൾ ഇല്ലാത്തത് ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കാൻ കാരണമായിട്ടുണ്ടോ; | (ബി) | ബസുകളുടെ ലഭ്യതക്കുറവ് മൂലം ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടില്ല. |
| (സി) | കിളിമാനൂർ, ആറ്റിങ്ങൽ ഡിപ്പോകളിൽ ഏതെല്ലാം ഷെഡ്യൂളുകളാണ് വെട്ടിക്കുറച്ചത്; പ്രസ്തുത ഷെഡ്യൂളുകൾക്ക് പ്രതിദിന മിനിമം കളക്ഷൻ നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ എത്രയാണെന്ന് ഷെഡ്യൂൾ തിരിച്ച് വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യുടെ കിളിമാനൂർ, ആറ്റിങ്ങൽ ഡിപ്പോകളിൽ ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടില്ല. വരുമാനം കുറവുള്ള ഷെഡ്യൂളുകൾ പുന:ക്രമീകരിച്ച് പതിനായിരം രൂപയ്ക്കുമേൽ വരുമാനം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഷെഡ്യൂളിന് ആനുപാതികമായിട്ടല്ല മിനിമം കളക്ഷൻ നിജപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | ദേശീയ പാതയോരത്തെ ആറ്റിങ്ങൽ ഡിപ്പോ വക സ്ഥലം അധിക വരുമാനത്തിന് ഉപയുക്തമാക്കാൻ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ